# പതിനാലാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
## (2019-2021)

### ഒൻപതാമത് റിപ്പോർട്ട്
### (2021 ജനവരി 20-ാം തീയതി സമർപ്പിച്ചത്)

**(വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കായി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ പഠനം സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## ഒൻപതാമത് റിപ്പോർട്ട്

(2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്)

(വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ എസ്.സി./എസ്.ടി.
വിഭാഗക്കാർക്കായി തിരുവനന്തപുരം ജില്ലയിൽ
പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ
പഠനം സംബന്ധിച്ച് തയ്യാറാക്കിയ
റിപ്പോർട്ട്)

272/2021.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | : | v |
| ആമുഖം | | : | vii |
| റിപ്പോർട്ട് | | : | 1 |
| അനുബന്ധം : | തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള എസ്.സി./എസ്.ടി. ഷെഡ്യൂളുകളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് | : | 8 |

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ബി. സത്യൻ

<u>അംഗങ്ങൾ</u> :

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റ്റി. ജി. സിന്ധു, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനും അവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിൽ ടി വിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യം വച്ച് വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം തുടർന്നുവരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള വ്യവസായ യൂണിറ്റുകൾ നിലവിൽ നിരവധി പ്രതിസന്ധികൾ നേരിടുന്നതായി സമിതി മനസ്സിലാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്.സി., എസ്.ടി. വിഭാഗക്കാർക്കുള്ള വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തെയും അവിടത്തെ പ്രശ്നങ്ങളെയുംക്കുറിച്ച് പഠനം നടത്തുന്നതിനായി തീരുമാനിക്കുകയുണ്ടായി. ആയതിൻപ്രകാരം സമിതി തിരുവനന്തപുരം ജില്ലയിലുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വ്യവസായ വികസന പ്ലോട്ടുകൾ സന്ദർശിക്കുകയും ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിലും സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 13 ജനുവരി 2021-ൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ബി.സത്യൻ,

*ചെയർമാൻ,*

*പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 20.

## റിപ്പോർട്ട്

സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 14 ജില്ലകളിലായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആരംഭിച്ച് നടപ്പിലാക്കിയിട്ടുള്ള വ്യവസായ യൂണിറ്റുകൾ നിലവിൽ നിരവധി പ്രതിസന്ധികൾ നേരിടുന്നതായും മിക്ക യൂണിറ്റുകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ലെന്നും മനസ്സിലാക്കിയ സമിതി, ഇവയുടെ പ്രവർത്തനം, ഇവ നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദമായ ഒരു പഠനം നടത്തുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മൺവിള, തോന്നയ്ക്കൽ, കൊച്ചുവേളി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന പ്ലോട്ടുകൾ സന്ദർശിക്കുകയുമുണ്ടായി. 23-7-2019-ന് മൺവിള, കൊച്ചുവേളി എന്നിവിടങ്ങളിലും 22-1-2020-ന് തോന്നയ്ക്കലിലുള്ള വ്യവസായ പ്ലോട്ടുകൾ സന്ദർശനം നടത്തിയ സമിതി, യൂണിറ്റുകളുടെ പ്രവർത്തനം മനസ്സിലാക്കുകയും തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും യൂണിറ്റ് പ്രതിനിധികളുമായും സംരംഭകരുമായും യൂണിറ്റുകളുടെ പ്രവർത്തനം, അവ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും, തകർച്ചയിലുള്ള സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള തുടർ നടപടികളെക്കുറിച്ചും ചർച്ച ചെയ്തു. അപ്രകാരം സമിതി നടത്തിയ സന്ദർശനങ്ങളിലൂടെയും ചർച്ചകളിലൂടെയും വിവരശേഖരണം നടത്തിയതിലൂടെയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകൾ/നിർദ്ദേശങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2. വ്യവസായ വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള വ്യവസായ ഷെഡ്ഡുകൾ പ്രധാനമായും വ്യവസായ വികസന ഏര്യ കൊച്ചുവേളി, വ്യവസായ വികസന പ്ലോട്ട് മൺവിള, വ്യവസായ എസ്റ്റേറ്റ് തോന്നയ്ക്കൽ എന്നിവിടങ്ങളിലാണ് നിലവിലുള്ളത്. എസ്.സി./എസ്.ടി. വിഭാഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി പദ്ധതി വിലയിരുത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ആയതിൻ പ്രകാരം സ്ക്വയർഫീറ്റിന് അൻപത് പൈസാ നിരക്കിൽ വാടക നിശ്ചയിച്ചാണ് ഇവ സംരംഭകർക്ക് അനുവദിച്ചിട്ടുള്ളത്. ഷെഡ്ഡുകളിന്മേൽ സംരംഭകർക്ക് പൂർണ്ണമായി ഉടമസ്ഥാവകാശം ഇല്ല. അവ പണയപ്പെടുത്തുന്നതിനുള്ള അനുമതിയും ഇല്ല.

### വ്യവസായ വികസന പ്ലോട്ട്, മൺവിള

3. മൺവിളയിൽ വ്യവസായ യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുള്ള 48 സെന്റ് സ്ഥലത്ത് 13 ഷെഡ്ഡുകളാണ് ഉള്ളത്. കറിപൗഡർ നിർമ്മാണം, തടിയിലുള്ള ഫർണിച്ചർ നിർമ്മാണം, പവർലൂം ക്ലോത്ത് നിർമ്മാണം, ഗോൾഡ് കവറിംഗ് ഓർണമെന്റ്സ്, മെറ്റൽ എഞ്ചിനീയറിംഗ് വർക്സ്, റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം എന്നിവയാണ് യൂണിറ്റുകളിലെ പ്രധാന പ്രവർത്തനങ്ങൾ. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ

വ്യവസായ വകുപ്പിൽനിന്നോ ധനസഹായം ലഭിച്ചിട്ടില്ലെന്നും കൈവശമുള്ള തുകയും പലിശയ്ക്ക് കടം വാങ്ങിയുമാണ് ഷെഡ്ഡുകളുടെ പ്രവർത്തനം തുടർന്നുപോകുന്നതെന്നും സംരംഭകർ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. Entrepreneur Support Scheme (ESS) പ്രകാരം എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 30 ശതമാനവും ജനറൽ കാറ്റഗറിക്ക് 20 ശതമാനവും സബ്സിഡി ഉണ്ടെന്നും സബ്സിഡിയ്ക്കായി സംരംഭം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ അപേക്ഷിക്കണമെന്നും എങ്കിൽ മാത്രമേ സബ്സിഡി ലഭിക്കുകയുള്ളുവെന്നും പുതിയ മെഷീനുകൾ വാങ്ങുകയാണെങ്കിൽ സബ്സിഡി നൽകുവാൻ സാധിക്കുമെന്നും പുതിയ മെഷീൻ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതി പ്രശ്നമായതിനാൽ കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് പുതിയ യൂണിറ്റുകൾക്ക് ഇപ്പോൾ സ്ഥലം അലോട്ട് ചെയ്യുന്നതെന്നും യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി.

4. വ്യവസായ പ്ലോട്ടിന്റെ സ്ഥലം കയ്യേറി മാർക്കറ്റ് നടത്തുന്നതായും മാർക്കറ്റിനകത്ത് ധാരാളം സ്ഥലം ഉണ്ടെങ്കിലും ഇൻഡസ്ട്രിയൽ പ്ലോട്ടിന്റെ റോഡ് കയ്യേറിയാണ് കച്ചവടം നടത്തുന്നതെന്നും ഇതുകാരണം വ്യവസായ ഷെഡ്ഡുകളിലേയ്ക്ക് വാഹനത്തിൽ സാധനങ്ങൾ എത്തിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നും ഷെഡ്ഡുകളുടെ ശോചനീയാവസ്ഥയും ടോയ്ലെറ്റ് സൗകര്യമില്ലാത്തതും പ്രധാന പ്രശ്നങ്ങളാണെന്ന് സംരംഭകർ സമിതിയെ അറിയിച്ചു.

5. വ്യവസായ യൂണിറ്റിന്റെ സ്ഥലത്ത് സ്ഥാപിച്ചിരുന്ന ഗേറ്റ് പൊളിഞ്ഞു വീണത് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും നാളിതുവരെ ഗേറ്റ് പുനഃസ്ഥാപിച്ചിട്ടില്ലെന്നും ഇലക്ട്രിക് ലൈറ്റ് ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യവും മോഷണങ്ങളും ഉണ്ടാകാറുണ്ടെന്നും സംരംഭകർ അറിയിച്ചു.

6. മൺവിള വ്യവസായ പ്ലോട്ടിന്റെ സ്ഥലം മറ്റ് കൈയ്യേറ്റം ഉണ്ടാകാതെയും സാമൂഹ്യ വിരുദ്ധരുടെ കടന്നുകയറ്റം ഉണ്ടാകാതെയും സംരക്ഷിക്കുന്നതിന് ചുറ്റുമതിൽ കെട്ടി, ഗേറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. വ്യവസായം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ കൂട്ടായുള്ള ചർച്ചയും തീരുമാനങ്ങളുമാണ് ഇവിടെ വേണ്ടതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യവസായ പ്ലോട്ടിന്റെ സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഗേറ്റ് സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുമായി വ്യവസായ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും കൂട്ടായ ചർച്ച നടത്തി തീരുമാനങ്ങൾ കൈക്കൊണ്ട് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഇൻഡസ്ട്രിയൽ പ്ലോട്ടിന്റെ സ്ഥലം കൈയ്യേറി മാർക്കറ്റ് പ്രവർത്തിക്കുന്നതായും മാർക്കറ്റിൽ വരുന്ന വാഹനങ്ങൾ പ്ലോട്ടിന്റെ റോഡിൽ പാർക്ക ചെയ്യുന്നത് സംരംഭകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. റോഡ് കയ്യേറ്റം തടഞ്ഞ് സംരംഭകർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കണമെന്നും ഇതിനായി പോലീസിനെയും

റസിഡൻസ് അസോസിയേഷനെയും സംരംഭകരെയും ഒരുമിച്ച് വിളിച്ച് വിഷയം ചർച്ച ചെയ്ത് ഒരു ധാരണ ഉണ്ടാക്കാനും അതുപോലെ ഗേറ്റ് പുനഃസ്ഥാപിച്ച് താക്കോൽ സംരംഭകർക്ക് കൈമാറുന്ന കാര്യത്തിൽ ഇൻഡസ്ട്രിയൽ അസോസിയേഷനുമായി സംസാരിച്ച് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികളും വ്യവസായ വകുപ്പ് മുൻകൈ എടുത്ത് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. വ്യവസായ ഷെഡ്ഡുകളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്തത് പ്രധാന വിഷയമാണ്. ആയതിനാൽ, വ്യവസായ യൂണിറ്റിൽ പൊതുടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ളതായി പറയുന്ന പ്രൊപ്പോസൽ എത്രയും പെട്ടെന്ന് പരിശോധിച്ച് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് വേണ്ട അടിയന്തര നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. വ്യവസായ പ്ലോട്ടിലെ ഇന്റേണൽ റോഡ്, ടാർ/കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തേണ്ടത് ആവശ്യമായതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. വ്യവസായ പ്ലോട്ടിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് നൽകുന്നതിലേയ്ക്കാവശ്യമായ നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും വ്യവസായ വകുപ്പും ചേർന്ന് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**വ്യവസായ വികസന ഏര്യ, വേളി**

11. കൊച്ചുവേളി ഡെവലപ്മെന്റ് ഏര്യയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 13 ഷെഡ്ഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഫൈലറ്റ്കേയ്സ് നിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ്സ്, പ്ലാസ്റ്റിക് മോൾഡിംഗ്, ഇന്റർലോക്ക് ടൈൽസ് നിർമ്മാണം, സ്റ്റീൽ ഫാബ്രിക്കേറ്റഡ് ഫർണിച്ചർ, വെൽഡിംഗ് വർക്ക്, ഗ്ലാസ് വർക്ക് & വെൽഡിംഗ്, സോഫാ നിർമ്മാണം എന്നിവയാണ് യൂണിറ്റുകളിലെ പ്രധാന പ്രവർത്തനങ്ങൾ.

12. വളരെയധികം മാർക്കറ്റ് സാധ്യതകളുള്ള സംരംഭങ്ങളാണ് വേളിയിലുള്ളതെന്നും എന്നാൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതാണ് ഇവിടത്തെ പ്രധാന പ്രശ്നമെന്നും സമിതി വിലയിരുത്തി. റോഡ് മോശമാണെന്നും കുടിവെള്ളം ലഭിക്കുന്നില്ലെന്നും സംരംഭകരിൽ നിന്നും മനസ്സിലാക്കിയ സമിതി റോഡിന്റെയും കുടിവെള്ളത്തിന്റെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

13. കെട്ടിടങ്ങൾക്ക് ചോർച്ചയുള്ളതിനാൽ മഴ സമയത്ത് ജോലി ചെയ്യാൻ സാധിക്കുന്നില്ലെന്ന് സംരംഭകർ വെളിപ്പെടുത്തി. കെട്ടിടം നവീകരിക്കുന്നതിലേയ്ക്കായി നിർമ്മിതി കേന്ദ്രത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണെന്ന് വ്യവസായ വകുപ്പ്

(ജനറൽ മാനേജർ) സമിതിയിൽ വെളിവാക്കപ്പെട്ടു. മൾട്ടിപർപ്പസ് ബിൽഡിംഗിനുള്ള പ്രൊപ്പോസലാണെങ്കിൽ ധാരാളം സ്ഥലം ഉണ്ടാകുമെന്നും കൂടുതൽ യൂണിറ്റുകളെ ഉൾക്കൊള്ളിക്കുവാനും ടോയ്‌ലെറ്റ് സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുവാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യവസായ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്ന് മികച്ച രീതിയിലുള്ള മോഡൽ പ്രോജക്ട് ഉണ്ടാക്കണമെന്നും സംരംഭകരുമായി വ്യവസായ വകുപ്പ് ചർച്ച നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഒരു മാതൃകാ സമുച്ചയമുണ്ടാക്കാൻ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. കിഫ്ബി ഫണ്ടുപയോഗിച്ച് ഭരണസാങ്കേതിക അനുമതി ലഭ്യമായി ആരംഭിച്ചിട്ടുള്ള പല സംരംഭങ്ങളും ഇന്ന് പ്രവർത്തനക്ഷമമാണെന്നും എന്നാൽ കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നതിന്, കിഫ്ബി പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് 10 കോടി രൂപക്ക് മുകളിലാണെന്നതുകൊണ്ട്, ഇത്തരം നാലോ അഞ്ചോ സംരംഭങ്ങളെടുത്ത് വേളിയിലും ഒരു മോഡൽ പ്രോജക്ട് ഉണ്ടാക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വ്യവസായ എസ്റ്റേറ്റ്, തോന്നയ്ക്കൽ**

15. പട്ടികജാതി വികസന വകുപ്പിനുള്ള രണ്ട് ഏക്കർ സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന വ്യവസായ എസ്റ്റേറ്റ് തോന്നയ്ക്കലിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ആകെ 20 ഷെഡ്ഡുകളാണ് ഉള്ളത്. എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം പട്ടികജാതി വികസന ജില്ലാ ആഫീസർക്കും നടത്തിപ്പു ചുമതല ജില്ലാ വ്യവസായ കേന്ദ്രത്തിനുമാണ്. 20 ഷെഡ്ഡുകൾ ഉള്ളതിൽ 4 സംഘങ്ങൾക്കായി 12 ഷെഡ്ഡും SC/ST വിഭാഗക്കാർക്കായി 8 ഷെഡ്ഡുകളുമാണ് അനുവദിച്ചിരിക്കുന്നത്.

16. തോന്നയ്ക്കൽ ഇലക്ട്രോണിക്സ് റബ്ബർ വർക്സ് സഹകരണ സംഘം, തോന്നയ്ക്കൽ ഹരിജൻ റാട്ടൺ വ്യവസായ് സഹകരണ സംഘം, തോന്നയ്ക്കൽ ഹരിജൻ കോളനി ഗാർമെന്റ് മേക്കിംഗ് സഹകരണ സംഘം, തോന്നയ്ക്കൽ വനിതാ കൈത്തറി സഹകരണ സംഘം എന്നീ 4 സംഘങ്ങളാണ് 12 ഷെഡ്ഡുകളിലായി പ്രവർത്തിക്കുന്നത്.

17. പ്രവർത്തന മൂലധനത്തിന്റെ കുറവ്, സർക്കാർ സഹായത്തിന്റെ കുറവ്, ഷെഡ്ഡുകളുടെ ശോചനീയാവസ്ഥ എന്നിവയാണ് പ്രധാനമായും സംഘങ്ങളുടെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്നും ആരംഭത്തിൽ ഗുണഭോക്താക്കൾ തന്നെ പ്രവർത്തന മൂലധനം കണ്ടെത്തുകയും അതുപയോഗിച്ച് കുറച്ചുകാലം പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും വിവിധ കാരണങ്ങളാൽ പിന്നീട്

പ്രവർത്തനം തുടരാനാവാതെ അവസാനിപ്പിക്കുകയാണ് ഉണ്ടായതെന്നും സമിതി വിലയിരുത്തി. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഒരു പദ്ധതിക്കും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ നിലവിലില്ലെന്നും വകുപ്പിന്റെ നേതൃത്വത്തിൽ ചേരുന്ന വ്യവസായ യൂണിറ്റുകളുടെ യോഗങ്ങളിൽ ഈ ആവശ്യം നിരന്തരം ഉയർന്നു വരാറുണ്ടെന്നും പട്ടികജാതി വികസന ഓഫീസർ സമിതിയിൽ വ്യക്തമാക്കി.

18. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയതല്ലാതെ വ്യവസായ വകുപ്പിന്റെയോ പട്ടികജാതി വികസന വകുപ്പിന്റെയോ ഭാഗത്ത് നിന്ന് വ്യക്തികൾ നടത്തുന്ന സംരംഭങ്ങൾക്ക് യാതൊരു സാമ്പത്തിക സഹായവും ലഭിച്ചിട്ടില്ലെന്നും എന്നാൽ സൊസൈറ്റികളായി പ്രവർത്തിച്ചിരുന്നവയ്ക്ക് സർക്കാർ നിശ്ചിത ഇടവേളകളിൽ ഗ്രാന്റ് അനുവദിക്കുകയും സൊസൈറ്റികൾ ആ തുക ഉപയോഗിച്ച് ബാധ്യത തീർക്കുകയാണ് ചെയ്തു വന്നിരുന്നതെന്നും കൂടാതെ വ്യവസായ വകുപ്പ് അനുവദിച്ച കെട്ടിടത്തിന് വാടക നൽകേണ്ടിവന്നതും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വ്യവസായം ആരംഭിക്കുന്നതിന് ബാങ്കുകൾ വായ്പ അനുവദിക്കാത്തതും കൊണ്ടാണ് വ്യവസായ യൂണിറ്റുകളിൽ ഭൂരിഭാഗവും അടച്ചുപൂട്ടേണ്ടി വന്നതെന്നും ഒരു സംരംഭകൻ സമിതിയെ അറിയിച്ചു. 2008-ൽ ചൂരൽ വ്യവസായ യൂണിറ്റ്, ഗാർമെന്റ് യൂണിറ്റ്, ഇലക്ട്രോണിക് യൂണിറ്റ് എന്നീ സൊസൈറ്റികൾക്കായി ഗ്രാന്റ് അനുവദിച്ചിരുന്നുവെന്നും എന്നാൽ സമാനമായി വ്യക്തികൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടില്ലെന്നും സൊസൈറ്റികൾക്ക് അനുവദിച്ച ഗ്രാന്റ് അവർ ബാധ്യത തീർക്കുന്നതിനായാണ് വിനിയോഗിക്കുകയാണുണ്ടായതെന്നും ഈ മൂന്ന് സംഘങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും സമിതിയുടെ ഇതു സംബന്ധിച്ച ചോദ്യത്തിനു മറുപടിയായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വെളിപ്പെടുത്തി. വ്യക്തിഗത ആനുകൂല്യങ്ങൾക്കായി 18 വയസ്സിനും 50 വയസ്സിനുമിടയിലുള്ള ആളുകൾ അപേക്ഷ സമർപ്പിക്കുന്ന പക്ഷം 3 ലക്ഷം രൂപയ്ക്ക് ഒരു ലക്ഷം രൂപയുടെ സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ വ്യക്തമാക്കി. സർക്കാർ തീരുമാനപ്രകാരം സൊസൈറ്റികൾക്ക് മാത്രമാണ് പ്രയോജനം ലഭിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി, വ്യക്തികൾക്ക് പ്രായപരിധി കഴിഞ്ഞാൽ ആ കുടുംബത്തിലെ മറ്റൊരു വ്യക്തിക്ക് ടി ആനുകൂല്യം ലഭ്യമാക്കാൻ വകുപ്പിന് സാധിച്ചിട്ടില്ലെന്നും ഇത് ഒരു പോരായ്മയാണെന്നും സമിതി വിലയിരുത്തി.

19. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഒരു പദ്ധതിക്കും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ ഇല്ലെന്ന് സമിതിയിൽ ബന്ധപ്പെട്ടവർ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ ഇത്തരം സ്വയംതൊഴിൽ സംരംഭങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം സർക്കാർ ഒരുക്കി നൽകുന്നതിനും പ്രവർത്തന മൂലധനം വ്യവസായ വകുപ്പ് അനുവദിക്കുകയോ അല്ലെങ്കിൽ വകുപ്പിന്റെ

മേൽനോട്ടത്തിൽ സബ്സിഡിയോടു കൂടിയ വായ്പ ബാങ്കുകളിൽ നിന്നും അനുവദിച്ചു കിട്ടുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. യൂണിറ്റുകളുടെ പ്രവർത്തനം നടക്കാത്തതിനാൽ വ്യവസായ എസ്റ്റേറ്റ് സ്ഥലം സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ വ്യവസായകേന്ദ്രം വൃത്തിയാക്കുന്നതിനും കെട്ടിടങ്ങളുടെ മെയിന്റനൻസിനുമായി വ്യവസായ കേന്ദ്രത്തിന്റെ ചുമതലയുള്ളവർ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

21. വ്യവസായ എസ്റ്റേറ്റിന്റെ സ്ഥലം മറ്റു വ്യക്തികൾ കൈയ്യേറ്റം നടത്താതിരിക്കുന്നതിനും സാമൂഹ്യവിരുദ്ധരുടെ അതിക്രമം തടയുന്നതിനും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. യൂണിറ്റുകളിലെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി നാഷണൽ ഹൈവേയിലുള്ള ചന്ദ്രമംഗലത്ത് ഒരു ഔട്ട്ലെറ്റ് എസ്റ്റേറ്റിലെ സൊസൈറ്റിയ്ക്ക് കൈമാറിയിരുന്നുവെന്നും യൂണിറ്റുകളുടെ പ്രവർത്തനം നടക്കാത്തതിനാൽ ഔട്ട്ലെറ്റ് നിലവിൽ ആ സൊസൈറ്റിയുടെ ഭാരവാഹികൾ സ്വകാര്യ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഔട്ട്ലെറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് തടയണമെന്നും ആ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

23. മാതൃകാപരമായി പ്രവർത്തിക്കുന്ന വ്യവസായ കേന്ദ്രങ്ങളുടെ അതേ മാതൃകയിൽ ഇത്തരം സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങളാണ് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതെന്നും പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിലെ പുതുതലമുറയിലെ വിദ്യാസമ്പന്നരായ കഴിവുള്ള വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും അതു മുന്നിൽ കണ്ടാണ് സർക്കാർ ഇത്തരം കോളനികളും അതിനനുബന്ധമായി വ്യവസായ കേന്ദ്രങ്ങളും ആരംഭിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിലെ വിദ്യാസമ്പന്നരായ യുവതലമുറയെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ വ്യവസായം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായി സ്വീകരിക്കണമെന്നും വ്യവസായ കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനായി യൂണിറ്റ് പ്രതിനിധികളുമായി യോഗം ചേർന്ന് ഒരു രൂപരേഖ തയ്യാറാക്കണമെന്നും ഏത് ലക്ഷ്യത്തോടെയാണോ ഈ കോളനിയും വ്യവസായ കേന്ദ്രവും സ്ഥാപിതമായത് അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. വേളിയിലും മൺവിളയിലും പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ തോന്നയ്ക്കലിലെ പ്രവർത്തനം അങ്ങേയറ്റം നിരാശാജനകമാണെന്ന് സമിതി വിലയിരുത്തി. വ്യക്തികൾക്കായി ആരംഭിച്ചിട്ടുള്ള 8 ഷെഡ്ഡുകളും പ്രവർത്തനരഹിതമാണ്. സൊസൈറ്റികൾക്കായി അനുവദിച്ചിട്ടുള്ളവ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. വ്യവസായ യൂണിറ്റുകളുടെ പുനഃരുദ്ധാരണ പദ്ധതിക്കായി വ്യവസായ വകുപ്പ് ഒരു പാക്കേജ് തയ്യാറാക്കണമെന്നും ആധുനിക കാലഘട്ടത്തിനനുസരിച്ച് മാറി വരുന്ന വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മറ്റ് വിവിധ വകുപ്പുകൾ എന്നിവരുമായി യോഗം ചേർന്ന് ചർച്ച നടത്തി പുനരുജ്ജീവന പാക്കേജ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള എസ്.സി./എസ്.ടി. ഷെഡ്ഡുകളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ബി. സത്യൻ,

*ചെയർമാൻ,*

*പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 13.

<u>അനുബന്ധം</u>

## ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള എസ്.സി.എസ്.ടി. ഷെഡ്ഡുകളുടെ വിവരങ്ങൾ

ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള എസ്.സി/എസ്.ടി ഷെഡ്ഡുകളുടെ വിവരങ്ങൾ

ജില്ല:

| ക്രമ നമ്പർ | ഇൻഡസ്ട്രിയൽ ഏരിയ/ പ്ലോട്ട്/ DMIECS | ഷെഡ് നമ്പർ | ഷെഡ് അനുവദിച്ച നൽകിയ സംരംഭകരുടെ പേര്, വിലാസം | ഫോൺ നമ്പർ | പ്രവൃത്തി | പ്രവർത്തിക്കുന്നില്ലെങ്കിൽ കാരണം |
|---|---|---|---|---|---|---|
| 1 | ഡി.പി മൺവിള | 1 | പി.സദാശിവം | 9747513130 | കറി പൗഡർ യൂണിറ്റ് | |
| 2 | ഡി.പി മൺവിള | 2 | വി. സുരേന്ദ്രൻ | 9947064033 | തടി/ സ്റ്റീൽ ഫർണിച്ചർ നി ർ മ്മാണം | |
| 3 | ഡി.പി മൺവിള | 3 | ജി. രാജൻ കൃഷ്ണഭവൻ ശ്രീകാര്യം | 9349876780 | ഭക്ഷ്യ സംസ്കരണം | ഉടമസ്ഥൻ മരണപ്പെട്ടു |
| 4 | ഡി.പി മൺവിള | 4 | ഗോകുൽ വി. നാഥ് ശ്രീ.വിശ്വം, വട്ടിയൂർക്കാവ് | | | പ്ര വ ർത്തനം ഉട ൻ ആരംഭിക്കും |
| 5 | ഡി.പി മൺവിള | 5 | കൈരളി പവർലൂം ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | പവർ ലൂം യൂണിറ്റ് | |
| 6 | ഡി.പി മൺവിള | 6 | രാജീവ് ഗാന്ധി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി | | പവ ർ ലോൺട്രി | |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഡി.പി മൺവിള | 7 | എസ്. രവികുമാർ<br>ടി.സി 12/795<br>ബാർട്ടൺ ഹിൽ<br>വഞ്ചിയൂർ | | ഗോൾഡ് കവറിംഗ് | |
| 8 | ഡി.പി മൺവിള | 8 | ഒ ക അശോകൻ<br>ഗ്രീഷ്മാലയം പനവിള<br>പാങ്ങപാറ | 9544919142 | തടി ഉത്പന്നം | |
| 9 | ഡി.പി മൺവിള | 9 | ശ്യാമള സ്മാരക<br>ട്ടിക ജാതി<br>വികസന<br>കോർപ്പറേറ്റീവ്<br>സൊസൈറ്റി | 9387088698 | റെഡി മെയഡ്<br>വസ്ത്ര നി ർമ്മാണം | |
| 10 | ഡി.പി മൺവിള | 10 | എ. സുധാകരൻ<br>എ.എസ് ഭവൻ ,<br>സോമിയാർ മഠം<br>തുണ്ടത്തിൽ പി.ഒ | 9633650549 | മെറ്റൽ<br>എഞ്ചിനീയറിംഗ് വ<br>ർക്സ് | |
| 11 | ഡി.പി മൺവിള | 11 | | | | [illegible] |
| 12 | ഡി.പി മൺവിള | 12 | ജയപ്രകാശ്<br>ചിത്രാലയം ടി.സി 1/14<br>താമരഭാഗം<br>മെഡിക്കൽ കോളേജ്<br>പി.ഒ | 8179100797 | ഓഫ് സെറ്റ്<br>പ്രിന്റിംഗ് | |
| 13 | ഡി.പി മൺവിള | 13 | സജന കുമാർ<br>ആർ.എസ് ടി.സി<br>31/1385 സത്യലേഖ<br>ഭവൻ | | | പ്രവർത്തിക്കുന്നില്ല |

ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള എസ്.സി/എസ്.ടി ഷെഡുകളുടെ വിവരങ്ങൾ

ജില്ല:

| ക്രമ നമ്പർ | ഇൻഡസ്ട്രിയൽ ഏരിയ/ പ്ലോട്ട്/ DMIECS | ഷെഡ് നമ്പർ | ഷെഡ് അനുവദിച്ച നൽകിയ സംരംഭകരുടെ പേര് , വിലാസം | ഫോൺ നമ്പർ | പ്രവൃത്തി | പ്ര വർത്തിക്കുന്നില്ലെങ്കിൽ കാരണം |
|---|---|---|---|---|---|---|
| 1 | ഡി.എ കൊച്ചുവേളി | 1 | എസ്. അനിൽ കുമാർ കൊച്ച് പരവ ൻ വിളാകം റ്റി.സി 13/27 പേട്ട പി.ഒ | | ഇന്റർലോക്ക് ടൈൽസ് നിർമ്മാണം | |
| 2 | ഡി.എ കൊച്ചുവേളി | 2 | എസ്. അനിൽ കുമാർ കൊച്ച് പരവ ൻ വിളാകം റ്റി.സി 13/27 പേട്ട പി.ഒ | | | |
| 3 | ഡി.എ കൊച്ചുവേളി | 3 | സനി ൽ കുമാർ നവനീയം ടി.സി 4/1903 പണ്ഡിറ്റ് കോളനി കവടിയാർ പി.ഒ | | ഫ്ളൈറ്റ് കോയ്സ് നിർമ്മാണം | |
| 4 | ഡി.എ കൊച്ചുവേളി | 4 | സരിതാ കുമാരി സൗപർണ്ണിക ാഷ:രഷ 90/2015 (1) മാധവപുരം ടൈറ്റാനിയം | | റെഡി മെയ്ഡ് ഗാർമെന്റ്സ് | |
| 5 | ഡി.എ കൊച്ചുവേളി | 5 | സുധൻസ് ജോഷി വടക്കേത്തട്ട് കുഴിവിള വീടഷ് റ്റെരേഖര മംഗലം | 9895693804 | സ്റ്റീൽ ഫാബ്രിക്കേറ്റഡ് ഫർണിച്ചർ | |
| 6 | ഡി.എ കൊച്ചുവേളി | 6 | ഹീര ആർ ടി.സി 42/1274 പൊന്നനഗർ വള്ളക്കടവ് പി.ഒ | | സ്റ്റീൽ ഫാബ്രിക്കേറ്റഡ് ഫർണിച്ചർ | |
| 7 | ഡി.എ കൊച്ചുവേളി | 7 | എ.ജി സെൻ ടി.സി 91/160 (1) പവിഴം വില്ല കരിക്കകം , തിരുവനന്തപുരം | | വെൽഡിംഗ് വർക്സ് | |
| 8 | ഡി.എ കൊച്ചുവേളി | 8 | എ.ജി ഷൈൻ ടി.സി 32/1561 അമ്പാടി കരിക്കകം തിരുവനന്തപുരം | 9388738182 | ഇന്റീരിയർ ഡെക്കേഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഡി.എ കൊച്ചുവേളി | 9 | ശ്രീമതി. ബാലമ്മ ടി.സി 30/247, കണ്ണമ്മൂട് ആനയറ പി. ഒ | | ഗ്ലാസ് വർക്ക് & വെൽഡിംഗ് | |
| 10 | ഡി.എ കൊച്ചുവേളി | 10 | അശോക് കുമാർ , ടി.സി 79/2644 വെൺപാലവട്ടം, ആനയറ പി.ഒ | | പ്ലാസ്റ്റിക് മോൾഡിംഗ് | |
| 11 | ഡി.എ കൊച്ചുവേളി | 11 | ആർ. മനോജ് ടി.സി. 79/502 , മാണിക്യ ഭവൻ കരിക്കകം | 9846041729 | ഗ്രിൽ ഗേറ്റ് സ്റ്റീൽ ഫർണിച്ചർ നിർമ്മാണം | |
| 12 | ഡി.എ കൊച്ചുവേളി | 12 | എസ്. ഇമ , ടി.സി 41/437 എം.എസ്.കെ നഗർ , മണക്കാട് പി.ഒ | 9961050025 | സോഫാ നിർമ്മാണം | |
| 13 | ഡി.എ കൊച്ചുവേളി | 13 | കെ കെ രാജേന്ദ്രൻ ടി.സി 32/57 മാധവപുരം ടൈറ്റാനിയം പി.ഒ | 9387838357 | ഇന്റർലോക്ക് ടൈൽ നിർമ്മാണം | |

ജില്ലാ വ്യവസായ േ കന്ദ്രത്തിന് കീഴിലുള്ള എസ്.സി/എസ്.ടി ഷെഡുകളുടെ വിവരങ്ങൾ

ജില്ല:

| ക്രമ നമ്പർ | ഇൻഡസ്ട്രിയൽ ഏരിയ/ പ്ലോട്ട്/ DMIECS | ഷെഡ് നമ്പർ | ഷെഡ് അനുവദിച്ച നൽകിയ സംരംഭകരുടെ പേര് , വിലാസം | ഫോൺ നമ്പർ | പ്രവൃത്തി | പ്രവർത്തിക്കുന്നില്ലെങ്കിൽ കാരണം |
|---|---|---|---|---|---|---|
| 1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | | ശ്രീ. അനൂപ് കുമാർ തേജസ് , ചുള്ളൂർകോണം 3 ശ്രീകാര്യം പി.ഒ | | ഫുഡ് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് | പ്രവർത്തിക്കുന്നില്ല |
| 2 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | | മോഹനൻ സ്മൃതി ഹൗസ് , മൺവിള 4 കുളത്തൂർ | | സ്റ്റീൽ വുഡൻ ഫർണിച്ചർ നി ർമ്മാണം | പ്ര വ ർത്തിക്കുന്നില്ല |
| 3 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | | സി. ജയൻ ബ്ലോക്ക് നമ്പർ 151 5 തോന്നയ്ക്കൽ പി.ഒ | | ഗ്ലാസ് പ്രൊഡക്സ് നി ർമ്മാണം | പ്രവർത്തിക്കുന്നില്ല |
| 4 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | | കാർത്തികേയൻ ബ്ലോക്ക് നമ്പർ 110 തോന്നയ്ക്കൽ 6 ഹരിജൻ കോളനി | | ഫർണിച്ചർ യൂണിറ്റ് | പ്രവർത്തിക്കുന്നില്ല |
| 5 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | | ബിന്ദു ബ്ലോക്ക് നമ്പർ 5 തോന്നയ്ക്കൽ 7 ഹരിജൻ കോളനി | | മാനുഫാക്ചറിംഗ ഓഫ് ഫുഡ് ഐറ്റംസ് | പ്രവർത്തിക്കുന്നില്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | 8 | സ്വയം പ്രഭ ഷെഡ് നമ്പർ 8 തോന്നയ്ക്കൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | ഗാർമെന്റ് മേക്കിംഗ് | പ്രവർത്തിക്കുന്നില്ല |
| 7 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | 9 | അനിൽകുമാർ എൻ.കെ നിവാസ് കോട്ടേജ് കിളളി കൊല്ലോട് | | ഇൻജക്ഷൻ മൗൽഡിംഗ് നിർമ്മാണം | |
| 8 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തോന്നയ്ക്കൽ | 10 | നോബിൾ ജി. ഭാസി ബാൻസ് ടി.സി 14/1490 - വഴുതക്കാട് | | ഇലക്ട്രിക് വീൽ ചെയർ യൂണിറ്റ് | |